കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്
# 2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(P6)586/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തിയ്യതി:24.05.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-11, 3-12 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ടി.എസ്.ആർ(P6)586/19 തീയതി : 24.05.19

## തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.09.2017 മുതൽ 05-03-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ കെ. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-03-2019 മുതൽ 20-03-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലിസി ടി ജെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ബേബി പി വി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശിവദാസൻ എ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഔസേഫ്. ചെരടായി | 1-4-2017 മുതൽ 02.01.2018വരെ |
| | ശ്രീ.ഇ.എം ഉമ്മർ | 03.01.2018 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.എം.കെ.ദിനേഷ്. (സെക്രട്ടറി ഇൻചാർജ്ജ്) | 1-4-2017 മുതൽ 05-04-2017 വരെ. |

| | | |
|---|---|---|
| | ശ്രീമതി.ലില്ലി.എൻ.ഒ | 06-04-2017 മുതൽ 30-07-2017 വരെ. |
| | ശ്രീ.എം.കെ.ദിനേഷ്. (സെക്രട്ടറി ഇൻചാർജ്ജ്) | 31-07-2017 മുതൽ 15-08-2017 വരെ. |
| | ശ്രീമതി.ലില്ലി.എൻ.ഒ | 16-08-2017 മുതൽ 09-02-2018 വരെ |
| | ശ്രീ.നിയാസ് പി എസ്(സെക്രട്ടറി ഇൻചാർജ്ജ്) | 10-02-2018 മുതൽ 22-02-2018 വരെ. |
| | ശ്രീ.മനോജ്കുമാർ പി | 23-02-2018 മുതൽ 31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ.എം.കെ.ദിനേഷ്. | 1-4-2017മുതൽ 31-3-2018 വരെ |
| ഹെഡ്മിസ്ട്രസ് ജി.ടി.എസ്, എച്ചിപ്പാറ | ശ്രീമതി.കദീജാബി.പി.കെ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ,സി എച്ച് സി | ഡോ.സുഷിൻ സുന്ദരൻ | 01.04.17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ് ആയുർവേദ ഡിസ്പെൻസറി | ഡോ.ഷീജ.സി.യു. | 01-04-17 മുതൽ 31.03.18വരെ. |
| കൃഷി ഓഫീസർ | ശ്രീ.സതീശൻ.കെ.കെ. | 01.04.17മുതൽ 20-07-17വരെ |
| | ശ്രീമതി.സ്വപ്ന എസ് | 21-07-17 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ദേവി.എസ്. | 01.04.17 മുതൽ 31.03.18 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.തനൂജ.കെ.എം. (വേലൂപ്പാടം സർക്കിൾ) | 01.04.17 മുതൽ 31.03.18 വരെ |
| | ശ്രീമതി.സുധ.പി.വി. (വരന്തരപ്പിള്ളി സർക്കിൾ) | 01.04.17 മുതൽ 31.03.18 വരെ |
| അസി.എൻജിനീയർ | ശ്രീമതി.ദിവ്യ ഗോപിനാഥൻ. | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഇഷാ മുരളി | 01.04.17 മുതൽ 29.07.17 വരെ. |
| | ശ്രീ.മുഹമ്മദ് റീസ് | 29.07.17മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നാൻസി ലിസ തോമസ് | 01.04.2017 മുതൽ 29.12.2017 വരെ |
| | ശ്രീമതി. ശാലിനി വി | 30.12.2017 മുതൽ 31.03.2018 |

| | | |
|---|---|---|
| | | വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപെൻഷനുകൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-1 |
| 14 | ക്രമവൽക്കരണ ഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു. | 2-2 |
| 15 | സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ, ഡിആന്റ്ഒ ലൈസൻസ് എന്നിവയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 |
| | ഭാഗം-3 | |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-1 |
| 17 | പഞ്ചായത്ത് കോൺഫ്രൻസ് ഹാൾ ഇന്റീരിയർ ഡിസൈനിംങ്ങ് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 3-2 |
| 18 | കന്നുകുട്ടി പരിപാലനം - അപാകതകൾ. | 3-3 |
| 19 | തെരുവിളക്കുകളുടെ വാങ്ങലും അറ്റകുറ്റ പണിയും -അപാകതകൾ. | 3-4 |
| 20 | വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. ആകെ 1888048 രൂപയുടെ ചിലവ് തടസ്സപ്പെടുത്തുന്നു. | 3-5 |
| 21 | കൃഷിഭവൻ മുഖേന വാങ്ങിയ ഉത്പാദനോപാധികൾക്കുള്ള നിശ്ചിത ശതമാനം | 3-6 |

| | | |
|---|---|---|
| | ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. | |
| 22 | തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടിൽ തുക വികസനഫണ്ടിൽ നിന്ന് ചിലവഴിച്ചു. | 3-7 |
| 23 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കു മേശ, കസേര എഴുപത്തിനാലെണ്ണം വാങ്ങിയതിൽ എഴുപത്തിമൂന്നെണ്ണം മാത്രം വിതരണം ചെയ്തു. | 3-8 |
| 24 | അറവുശാല നിർമ്മാണം-ശുചിത്വമിഷനിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭിച്ചില്ല | 3-9 |
| 25 | പൊതുടാപ്പുകൾ-സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-10 |
| 26 | പഞ്ചായത്ത് പരിധിയിൽ ഇല്ലാത്ത തെരുവുവിളക്കുകൾക്ക് വൈദ്യുതിചാർജ് അടവാക്കുന്നു | 3-11 |
| 27 | വിവിധവാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-അപാകതകൾ | 3-12 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 39 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 158712236 രൂപയും ചെലവ് 136909000 രൂപയും ആണ്. 24.03.18 തീയതിയിലെ തീരുമാനം നം.1 പ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം വരവ് 140204556 രൂപയും ചെലവ് 93820320 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 11.06.2018 | 31-07-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2017-18 | 02.07.2018,03.07.2018 | കെഎസ്എ-ടിഎസ്ആർ(ഇ3)1150/18(79) തി.01.09.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30631527 |
| വരവ് | 91798501 |
| ആകെ | 122430028 |
| ചെലവ് | 108676424 |
| നീക്കിയിരിപ്പ് | 13753604 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയതി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 23450000 | 23450000 | 15769518 | 7680482 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 6142247 | 6142247 | 5526125 | 616122 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 952613 | 952613 | 935942 | 16671 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 22971000 | 22971000 | 22944417 | 26583 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 5175000 | 5175000 | 4346524 | 828476 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 11012160 | 11012160 | 8816293 | 2195867 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2258323 | 2258323 | 1540920 | 717403 |
| സാക്ഷരത | | | | | | |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 3072 | 17125764 | 17128836 | 17124521 | 4315 |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| Grants for Specific Purposes | | 238031 | 0 | 238031 | 0 | 238031 |
| ICDS | | 2913332 | 221551 | 3134883 | 974957 | 2159926 |
| M P FUND | | | 525442 | 525442 | 525442 | 0 |
| PYCKA | | | | | | |
| NMBS | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| SC Development | | | | | | |
| Ayurvedam | | | | | | |
| MLA Fund | | | | | | |
| Keralolsavam | | | | | | |
| Vimukthi | | 25000 | 12500 | 37500 | 0 | 37500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 1180000 | 1180000 | 1180000 | 0 |
| | ജില്ലാ പഞ്ചായത്ത് | 568200 | 619925 | 1188125 | 1188125 | 0 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 119040 | 100320 | 219360 | 219360 | 0 |
| വാർദ്ധക്യകാല പെൻഷൻ | | | | | | |
| കർഷക തൊഴിലാളി പെൻഷൻ | | | | | | |
| അവിവാഹിത പെൻഷൻ | | | | | | |
| വിധവ പെൻഷൻ | | | | | | |
| വികലാംഗ പെൻഷൻ | | | | | | |
| വിവാഹ ധനസഹായം | | - | 300000 | 300000 | 300000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 145000 | 179000 | 179000 | 179000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 14159000 | | | |
| തനത് ഫണ്ട് | ഇന്ത്യൻ ഓവർസീസ് ബാങ്ക് (own) | 12188873 | 17670818 | 29859691 | 16805422 | 13054269 |
| | ഇന്ത്യൻ ഓവർസീസ് ബാങ്ക് (mn -fund) | 257615 | 10011 | 267626 | 0 | 267626 |
| | ഇന്ത്യൻ ഓവർസീസ് ബാങ്ക് (MGNREGA) | 3072 | 950104 | 953176 | 948861 | 4315 |
| | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കറൻറ് | 0 | 60519 | 60519 | 0 | 60519 |

| | | | | | | |
|---|---|---|---|---|---|---|
| | അക്കൗണ്ട് | | | | | |
| | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBT-continuing education) | 152531 | 5682 | 158213 | 0 | 158213 |
| | ട്രഷറി STSB | 17393961 | 14567893 | 31961854 | 30863196 | 1098658 |
| | J V STSB | 568200 | 1799925 | 2368125 | 3475125 | - 1107000 |
| മറ്റിനം | | | | | | |
| ഭവനനിധി | | | | | | |
| TDCB FD | | | | | | |
| e-payment | | | | | | |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 317 | 114397360 | 216 | 67265268 | 0 | 101 | 58.79 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകളുടെ പേര്

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിൻറെ പേര് | സ്പിൽ ഓവർ/ പുതിയത് | അടങ്കൽ |
|---|---|---|---|---|
| 1 | 41 | പാഴായി റോഡ് സോളിങ്, മെറ്റലിങ്, ടാറിങ്, ആൻഡ് കോൺക്രീറ്റിംഗ് | പുതിയത് | 247000 |
| 2 | 203 | കുണ്ടായി കാന്റീൻ(ഗ്രൗണ്ട് ) റോഡ് കോൺക്രീറ്റിംഗ് വാർഡ് 8 | പുതിയത് | 200000 |
| 3 | 211 | ജനത സ്കൂൾമുക്കിലികുളം റോഡ് സെക്കന്റ് മെറ്റലിങ് ആൻഡ് ടാറിങ് വാർഡ് 21 | പുതിയത് | 270000 |
| 4 | 243 | കലാകായിക പരിശീലനം | പുതിയത് | 150000 |
| 5 | 254 | കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ സംരംഭം | പുതിയത് | 2000000 |

| | | | | |
|---|---|---|---|---|
| 6 | 257 | എ.ഒ..വി.കോളനിയിൽ സാംസ്കാരിക നിലയത്തിന് ഭൂമി വാങ്ങൽ | പുതിയത് | 600000 |
| 7 | 284 | വെള്ളാരംകുന്ന് പാറകുന്ന് കുടിവെള്ളപദ്ധതി | പുതിയത് | 200000 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3072 | 1950104 | 1953176 | 1948861 | 4315 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15175660 | 15175660 | 15175660 | 0 |

## 1-8 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 219360 | |
| കർഷകതൊഴിലാളി പെൻഷൻ | 8394100 | 699 |
| വിധവാ പെൻഷൻ | 18841800 | 1680 |
| വാർദ്ധക്യകാല പെൻഷൻ | 44655400 | 3643 |
| വികലാംഗപെൻഷൻ | 5183500 | 478 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2039400 | 170 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.03.19 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2,16,231/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

1)പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങളുമായി പൊരുത്തപ്പെടേണ്ടതുമാണ്.

2) പഞ്ചായത്തിനുകീഴിലുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകൃമ്പൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം കാണിയ്ക്കുന്ന രജിസ്റ്റർ, തെരുവുവിളക്കുകളുടെ

അറ്റകുറ്റപണികൾക്കായുള്ള സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി എഴുതി വരുന്നില്ല.

4)ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്ററിൽ ചുമതല കൈമാറി നൽകിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്റെ പേരും ഒപ്പും കൃത്യമായി രേഖപ്പെടുത്തിവരുന്നില്ല.

5)സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തുന്നില്ല.

6)ആയിരം രൂപക്ക് മുകളിലും തുക ക്യാഷായി നൽകിവരുന്നു. മേൽക്കാണിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 17/12/2018 | നവംബർ 2018 | 29/12/2018 |
| അക്കൗണ്ടന്റ് ജനറൽ | 23/03/2017 | 2011-12 to 2015-16 | 16/05/2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1) ഇന്ത്യൻ ഓവർസീസ് ബാങ്കിലെ തനതുഫണ്ട് അക്കൗണ്ടിൽ പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്തിട്ടുള്ള 16,200/- രൂപയുടെ മൂന്നുമാസ കാലാവധി കഴിഞ്ഞതും ഇതുവരെ ക്യാഷ് ചെയ്യാത്തതുമായ 3 ചെക്കുകൾ ലയബിലിറ്റി ഇൻ റസ്പെക്ട് ഓഫ് സ്റ്റെയില്ഡ് ചെക്ക്എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2) തൊഴിലില്ലായ്മ വേതനം രജിസ്റ്റർ പ്രകാരം തൻവർഷത്തെ ചെലവ് 84,240/- രൂപയായിരിക്കെ വാർഷിക ധനകാര്യ പത്രിക പ്രകാരം 55,200/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

3) തൻവർഷം ഡിപ്രിസിയേഷനായി കണക്കാക്കിയ 3648748/- രൂപയുടെ വർക് ഷീറ്റ് വൗച്ചർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

4) ബാലൻസ് ഷീറ്റിലെ ആസ്തി പ്രകാരം സ്ഥിര ആസ്തി 4,77,51,498/- രൂപയാകുന്നു. എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം ഈ ആസ്തികളുടെ മൂല്യം കണക്കാക്കുന്നതിന് കഴിയുന്നില്ല.

5) ബാലൻസ് ഷീറ്റിൽ സ്റ്റോക്ക് -സ്റ്റോഴ്സ് എന്ന ശീർഷകത്തിൽ 65,760/- രൂപ നീക്കിയിരിപ്പ് കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ എഴുതി വർഷാന്ത്യ സംക്ഷിപ്തം കണക്കാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6) ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ വസ്തുനികുതി കുടിശ്ശിക 22,47,796/- രൂപയാണ്. ആയതുപ്രകാരം സ്റ്റേറ്റ് ഗവ. സെസ്സ് 1,07,038/- രൂപയാണ് വരേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റിൽ സ്റ്റേറ്റ് ഗവ. സെസ്സ്/ലെവീസ് ഇൻ പ്രോപ്പർട്ടി ടാക്സ് എന്ന ശീർഷകത്തിൽ 1,13,352/-.20 രൂപയാണ് ചേർത്തിരിക്കുന്നത്.

7) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ നെറ്റ് കാഷ് ജനറേറ്റഡ് 21191723 രൂപയാണ്. എന്നാൽ വർഷാദ്യ, വർഷാന്ത്യ ക്യാഷ് ബാലൻസ് തമ്മിലുള്ള വ്യത്യാസം 16877923 രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8) വസ്തുനികുതി ഡി.സി.ബി സാംഖ്യ വാർഷിക കണക്കുപ്രകാരവും, സഞ്ചയ സോഫ്റ്റ്വെയർ പ്രകാരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| റസിഡൻഷ്യൽ (സാംഖ്യ) | 57,78,597 | 15,62,480 | - | 6,21,968 |
| റസിഡൻഷ്യൽ (സഞ്ചയ) | 21,33,949 | 15,67,548 | - | 6,20,156 |

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് | ബാലൻസ് |
|---|---|---|---|---|
| നോൺ റസിഡൻഷ്യൽ (സാംഖ്യ) | - | 8,03,229 | - | 7,96,787 |
| നോൺ റസിഡൻഷ്യൽ (സഞ്ചയ) | 1,51,9497 | 7,98,231 | - | 7,96,375 |

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് | ബാലൻസ് |
|---|---|---|---|---|
| റസിഡൻഷ്യൽ (സാംഖ്യ) | 29,86,381 | 22,75,701 | - | 3,73,090 |
| റസിഡൻഷ്യൽ (സഞ്ചയ) | 29,86,381 | 22,71,044 | 3,65,087 | 3,72,409 |

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് | ബാലൻസ് |
|---|---|---|---|---|
| നോൺ റസിഡൻഷ്യൽ (സാംഖ്യ) | 18,12,232 | 13,01,614 | - | 3,48,913 |
| നോൺ റസിഡൻഷ്യൽ (സഞ്ചയ) | 18,12,232 | 12,66,042 | 2,05,636 | 3,48,780 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.
2017-18 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന 18 കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ്മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായോ കാണുന്നില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.14/19-3-2019)

## 2-2 ക്രമവൽക്കരണ ഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു.

A4-9726/9.11.17 നമ്പർ ഫയൽ പ്രകാരം ജോയ്,ലിയോ, പല്ലാട്ട് വീട്, വേലൂപ്പാടം എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ളോറിന് (പ്ളിന്ത് ഏരിയ-239.98 m2) പഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ട്.എന്നാൽ പെർമ്മിറ്റ് ഫയൽ നം.144/2014-15,11.12.14 പ്രകാരം ഫസ്റ്റ് ഫ്ലോർ പ്ളിന്ത് ഏരിയ 203.06 m2 നാണ് പെർമ്മിറ്റ് അനുവദിച്ചിട്ടുള്ളത്. അധികരിച്ച് നടത്തിയ 36.92m2 നിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.18/20.03.2019)

## 2-3 സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ,ഡിആന്റ്ഒ ലൈസൻസ് എന്നിവയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന് ചട്ട പ്രകാരമുള്ള സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ, ഡി ആന്റ് ഒ ലൈസൻസ് എന്നിവ സാമ്പത്തിക വർഷം പുതുക്കി നൽകിയിട്ടില്ല. 1994ലെ കേരളപഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) ചട്ടം 5പ്രകാരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണ്. 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.15/19.03.2019) രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയോട് കൂടിയാണെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി. താഴെപറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റിന്റെ പേര്, നം. | ബിൽ നം. തിയതി, തുക | തുക നല്കപ്പെട്ടിട്ടുള്ളത് |
|---|---|---|
| ഐ.കെ.എം. വിഹിതം. so232/18 | 2/2017-18. 2.9.17 108910/- | എക്സി.ഡയറക്ടർ, ഐ.കെ.എം |
| ഐ.എം.എ.ബ്ലഡ് ബാങ്ക് വിഹിതം. so298/18 | 9/2017-18 25.9.17 100000/- | സെക്രട്ടറി, ജില്ലാപഞ്ചായത്ത് തൃശ്ശൂർ |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക208910/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 പഞ്ചായത്ത് കോൺഫ്രൻസ് ഹാൾ ഇന്റീരിയർ ഡിസൈനിംങ്ങ് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നം. - so163/18.

നിർവ്വഹണം - സെക്രട്ടറി.

ട്രഷറി ബിൽ നം.13/2017-18.dtd.31.10.17. 600000/-

മേൽ ട്രഷറി ബിൽ പ്രകാരമുള്ള തുക കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കോൺഫ്രൻസ് ഹാൾ ഇന്റീരിയർ ഡിസൈനിംഗ് പ്രവൃത്തി ചെയ്യതിന് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിൽ കോൺഫ്രൻസ് ടേബിൾ യു ഷേപ്പ്, എക്സിക്യൂട്ടീവ് ചെയർ, എക്സിക്യൂട്ടീവ് വിസിറ്റേഴ്സ് ചെയർ, സ്റ്റേജ്, ഡയസ്, എന്നീ സാധനങ്ങൾ വാങ്ങിയതിനും വുഡൻ പാനലിംഗ് എന്ന പ്രവൃത്തി ചെയ്യതിനുമായി ചെലവഴിച്ചിട്ടുണ്ട്.പ്രോജക്ട് നടത്തിപ്പിൽ കണ്ട ആപാകതകൾ താഴെ കൊടുക്കുന്നു.

റബ്ക്കോയുടെ കൈപറ്റ് രശീതി, ഒറിജിനൽ ഇൻവോയ്സിന് പകരം കൺസോളിഡേറ്റഡ് ബിൽ ആണ് ആയതിൽ ഇൻവോയിസ്സിൽ ഹാജരാക്കിയിട്ടുള്ളത്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തിട്ടില്ല. പഞ്ചായത്തിൽ എഞ്ചിനിയറിംഗ് വിഭാഗം ഉണ്ടെന്നിരിക്കെ വുഡൻ പാനലിംഗ് എന്ന പ്രവൃത്തി 72 sqmചെയ്യ പ്രവൃത്തി അളന്ന് ബന്ധപ്പെട്ട എ.ഇ.സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന ന്യൂനതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-3 കന്നുകുട്ടി പരിപാലനം - അപാകതകൾ.

ട്രഷറി ബിൽ നം.1/2017-18.dtd.21.12.17. 312500/-

ട്രഷറി ബിൽ നം.2/2017-18.dtd.21.12.17. 937500/-

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ കന്നുകുട്ടി പരിപാലനം എന്നപേരിൽ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് നം so12/18 പ്രകാരം 50 ഗുണഭോക്താക്കൾ ഉൾപ്പെട്ട പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 312500/- രൂപയും പ്രോജക്ട് നം so21/18 പ്രകാരം 75 ഗുണഭോക്താക്കൾ ഉൾപ്പെട്ട പ്രോജക്ടിനായി 937500/- രൂപയും SLBP ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. നന്തിപുലം ക്ഷീരസംഘം വഴി 50ഗുണഭോക്താക്കൾക്ക് 20.1.18മുതൽ കാലിതീറ്റ വിതരണം ചെയ്യുകയും വേലൂപ്പാടം ക്ഷീരസംഘം വഴി 75 ഗുണഭോക്താക്കൾക്ക് 20.1.18മുതൽ കാലിതീറ്റ വിതരണം ചെയ്ത് വരുന്നു.പ്രോജക്ട് നടത്തിപ്പിൽ കണ്ട ആപാകതകൾ താഴെ കൊടുക്കുന്നു.

ഗുണഭോക്താക്കളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടില്ല.ജി.ഒ.(എംഎസ്) 80/2017/ തസ്വഭവ തി.3.4.17ഖണ്ഡിക 8.2-6 പ്രകാരം കന്നുകുട്ടി ജനനരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള കന്നുക്കുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭയുടെ ആംഗീകാരത്തോടെ നടപ്പാക്കണം, എന്നാൽ കന്നുക്കുട്ടി ജനനരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രത്യേക കന്നുകുട്ടിപരിപാലന പരിപാടിയുടെ നിബന്ധനകൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. പ്രതിമാസ പുരോഗതി പത്രിക, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. നന്തിപുലം ക്ഷീരസംഘത്തിന്റെ കാലിതീറ്റ വിതരണ രജിസ്ററർ പ്രകാരം ക്രമ നം.3,34,46,50 എന്നീ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ല. വേലൂപ്പാടം ക്ഷീരസംഘത്തിന്റെ കാലിതീറ്റ രജിസ്റ്റർ പ്രകാരം ക്രമ നം.3,5,10,18,21,25,31,32,36,40,48,67 എന്നീ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ല. പദ്ധതിയിൽ തുടരാത്തവർക്കായി മുൻകൂർ അനുവദിക്കപ്പെട്ടിട്ടുള്ള തുക എസ്.എൽ ബി.പി.യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാത്തതിനാൽ ചെലവ് തുകയായ 1250000രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 തെരുവ് വിളക്കുകളുടെ വാങ്ങലും അറ്റകുറ്റ പണിയും -അപാകതകൾ.

2017-18 വർഷത്തിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച് 3 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി പ്രോജക്ട് നം.so264/18.ട്രഷറി ബിൽ നം.31/2017-18.dtd.20.3.18. 67405/- 793 തെരുവ് വിളക്കുകൾ 17 വാർഡുകളിലായി റിപ്പയർ ചെയ്തതിന് (793*85 =67405/-) കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള ഐ.ടി.കുറവ് ചെയ്തിട്ടില്ല.പ്രോജക്ട് നം.so301/18(spill over) വൗച്ചർ നം.21700669.dtd.10.10.17. 284900/- രൂപ 2035 cfl വിളക്കുകൾ റിപ്പയർ ചെയ്തതിന് കരാറുകാരന് നൽകിയിട്ടുണ്ട്. (2035*140 =284900/-) എന്നാൽ കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഐ.ടി. പിടിച്ചിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് പ്രോജക്ടുകളിൽ നിന്നും നിയമാനുസൃതമായ ഐ.ടി.കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രോജക്ട് നം. SO266/18. തെരുവ് വിളക്കുകൾ വാങ്ങലും സ്ഥാപിക്കലും

മേൽ പ്രോജക്ടിൽ മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 10W LED ബൾബ് 2500 NOS.@107.14 =267857.14 ജി.എസ്.ടി ഉൾപ്പെടെ മൊത്തം 300000/- രൂപ ചെലവഴിച്ചിട്ടുണ്ട്.ബില്ലിൽ സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല. നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ ആറിയിക്കേണ്ടതാണ്.

## 3-5 വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. ആകെ 1888048 രൂപയുടെ ചിലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ- 194/17-18

പ്രോജക്ടിന്റെ പേര്- അങ്കണവാടിഫീഡിംഗ്

ഈ പ്രോജക്ടിന്റെ ഭാഗമായി താഴെ ചേർക്കുന്ന ബില്ലുകൾ മാറി പവിത്രം യൂണിറ്റ്, സപ്ലൈകോ, മാവേലി സ്റ്റോർ പുതുക്കാട് എന്നീ സ്ഥാപനങ്ങൾക്ക് പണം നൽകിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യവസ്തുക്കൾ അങ്കണവാടികൾ ഏറ്റെടുത്തതായി രേഖകളില്ല. വിതരണ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | ബിൽ നമ്പർ/ തിയ്യതി | തുക | ആർക്ക് കൈമാറി എന്ന് |
|---|---|---|---|
| 1 | 12/17-18 dt. 23.01.18 | 365116 | പവിത്രം യൂണിറ്റ് കൊടകര |
| | | 123598 | സപ്ലൈകോ വരന്തരപ്പിള്ളി |
| 2 | 507740110/12.12.2017 | 716552 | പവിത്രം യൂണിറ്റ് |
| | | 194265 | സപ്ലൈകോ വരന്തരപ്പിള്ളി |
| 3 | 7/17-18 dt.30.10.17 | 122241 | മാവേലി സ്റ്റോർ പുതുക്കാട് |
| 4 | 8/17-18 dt.30.10.17 | 366276 | പവിത്രം യൂണിറ്റ് |

മേൽ പട്ടികയിലെ ക്രമ നമ്പർ മൂന്നാമതായി മാറിയ ബില്ല് പ്രകാരം 122241 രൂപ മാവേലി സ്റ്റോർ പുതുക്കാടിന് നൽകിയതായാണ് ബില്ലിൽ കാണിച്ചിട്ടുള്ളത്. എന്നാൽ മാവേലിസ്റ്റോറിന്റെ ബില്ലുകൾ ഫയലില്ല. പകരം 103211 രൂപയുടെ വരന്തരപ്പിള്ളി സപ്ലൈകോയുടെ ബില്ലാണ് ഫയലിൽ ഉള്ളത്. രേഖകളുടെ അഭാവത്തിൽ 1888048 രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കൃഷിഭവൻ മുഖേന വാങ്ങിയ ഉത്പാദനോപാധികൾക്കുള്ള നിശ്ചിത ശതമാനം ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ട് പദ്ധതികളിൽ താഴെ ചേർക്കും പ്രകാരം കൃഷി ഓഫീസർ ഉത്പാദനോപാധികൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

1.മൂന്നാം വിള പയർ കൃഷി, പയർ വിത്ത് വിതരണം.

ബിൽ നമ്പർ. 3/17-18 തിയ്യതി. 23/02/2018

ബിൽ തുക – 60000

പ്രോജക്ട് നമ്പർ – 54/18

ഈ പ്രോജക്ട് പ്രകാരം 60000 രൂപയാണ് അടങ്കൽ തുക. ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയതായി പ്രോജക്ടിലില്ല. പക്ഷേ 510 കിലോ പയർവിത്ത് 71400 രൂപക്ക് റെയ്ഡ്കോയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ബിൽ തുക കഴിച്ചിട്ടുള്ള തുക കർഷകർ നേരിട്ട് സ്ഥാപനത്തിൽ അടച്ചതായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.മുഴുവൻ തുകക്കുമുള്ള ബില്ല് നിർവ്വഹണോദ്യാഗസ്ഥന്റെ പേരിലാണ്.

2.ഗാലസ നെൽകൃഷി വികസനം.

ബിൽ നമ്പർ. 8/17-18 തിയ്യതി. 12/03/18

തുക . 12525

പ്രോജക്റ്റ് നമ്പർ.15/18

ബയോകൺട്രോൾ ലാബ് മണ്ണുത്തിയിൽ നിന്നും 225 കിലോ സ്യൂഡോമോണാസ് 75 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. അതിന്റെ വിലയായി 16875 രൂപ ഒടുക്കി. പദ്ധതി വിഹിതം 12525 രൂപ കഴിച്ച് ബാക്കി സംഖ്യ 4350 രൂപ ഗുണഭോക്തൃവിഹിതമാണ്. ഈ തുക കളക്ട് ചെയ്തിട്ടില്ല. തുക ഗുണഭോക്താക്കൾ നേരിട്ട് സ്ഥാപനത്തിൽ അടച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

2017-18 ലെ പദ്ധതി മാർഗ്ഗ രേഖ ജി.ഒ.എം.എസ് നം.80/ 17 ത.സ്വ.ഭ.വ തിയ്യതി. 03/04/2017 ലെ ഖണ്ഡിക 8.1 ലെ കുറിപ്പുകളിൽ ഗുണഭോക്താക്കൾ നേരിട്ടല്ലാതെ വാങ്ങുന്ന സംഗതികളിൽ ഗുണഭോക്തൃവിഹിതം കൃഷി ഭവൻ മുഖേന സ്വീകരിച്ച് സ്ഥാപനത്തിൽ അടക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽക്കാണിച്ച രണ്ട് പ്രോജക്റ്റിലും ഗുണഭോക്തൃവിഹിതം വകയിരുത്തിയിട്ടുള്ളതാണ് എന്നാൽ ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം നേരിട്ടാണ് സ്ഥാപനത്തിൽ ഒടുക്കിയിട്ടുള്ളത്. ഇത്തരം പ്രവർത്തി നിയമപരമായി ശരിയല്ല എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

## 3-7 തനത് ഫണ്ട് വകയിരുത്തിയ പ്രോജക്റ്റിൽ തുക വികസനഫണ്ടിൽ നിന്ന് ചിലവഴിച്ചു.

പ്രോജക്റ്റ് നമ്പർ – 54/18

പ്രോജക്റ്റിന്റെ പേര് – മൂന്നാം വിള പയർ കൃഷി.

അടങ്കൽ തുക – 60000

ബിൽ നമ്പർ – 3/17-18 തിയ്യതി – 23/02/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ. കൃഷി ഓഫീസർ.

ഈ പ്രോജക്റ്റ് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത് തനത് ഫണ്ടിൽ നിന്നാണ്. എന്നാൽ തുക ചിലവിട്ടത് പൊതുവിഭാഗം വികസനഫണ്ടിൽ നിന്നാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ - കസേര, എഴുപത്തിനാലെണ്ണം വാങ്ങിയതിൽ എഴുപത്തിമൂന്നെണ്ണം മാത്രം വിതരണം ചെയ്തു.

പ്രോജക്റ്റ് നമ്പർ – 149/18

Bill No. 7/17-18- 259700 dt. 13-10-17

Bill No. 42/17-18- 14840 dt. 26/03/18

മേൽ പ്രൊജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.സാലി അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്ന് എഴുപത്തിനാല് എണ്ണം മേശ, കസേര എന്നിവ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വാങ്ങിയതിൽ എഴുപത്തിമൂന്നെണ്ണം മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. ഒരു സെറ്റ് മേശ, കസേരയുടെ വിതരണം വ്യക്തമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് ഒരു വിദ്യാർത്ഥി കൃത്യമായ രേഖകൾ സമർപ്പിക്കാത്തതിനാലാണ് വിതരണം നടത്താത്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബാക്കി വന്ന മേശ, കസേര മറ്റൊരു അർഹതയുള്ള ഗുണഭോക്താവിന് പഞ്ചായത്ത് സമിതി തീരുമാന പ്രകാരം നൽകേണ്ടതാണ്.

## 3-9 അറവുശാല നിർമ്മാണം-ശുചിത്വമിഷനിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭിച്ചില്ല

സ.ഉ(സാധാ)നം.299/2011തസ്വഭവ തിയതി 29-1-2011 പ്രകാരം അറവുശാല നിർമ്മാണത്തിനായി 2010-11 വർഷത്തിൽ 20,00,000 രൂപ അനുവദിച്ചിരുന്നു.മേൽ തുക 31-3-2011ന് മുൻപ് വിനിയോഗിക്കുവാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച് 29-3-2011ലെ സ.ഉ(ആർ.ടി)നം.907/11തസ്വഭവ നിർദ്ദേശമനുസരിച്ച് ശുചിത്വമിഷനിൽ ഡെപ്പോസിറ്റ് ചെയ്തു (ചെക്ക് നം089172/2-4-2011) എന്നാൽ അറവുശാല നിർമ്മാണം നാളിതുവരെ ആരംഭിക്കാത്ത സാഹചര്യത്തിൽ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ തുക Advance to Impl. Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെ ബാലൻസ് ഷീറ്റിൽ ചേർക്കേണ്ടതുമാണ്.

## 3-10 പൊതുടാപ്പുകൾ-സംയുക്തപരിശോധന നടത്തിയിട്ടില്ല

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഹെൽത്ത് ഡിവിഷന്റെ 6/3/2019ലെ ബിൽ നമ്പർ 32937 പ്രകാരം ഗ്രാമപഞ്ചായത്തിൽ 624 പൊതുടാപ്പുകളാണ് ഉള്ളത്. പ്രതിമാസം 273000രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നു. 2013-14 വർഷത്തിൽ സംയുക്ത പരിശോധന നടത്തിയിരുന്നുവെങ്കിലും പരിശോധന പൂർണ്ണമാവുകയോ റിപ്പോർട്ട് ലഭിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രം വാട്ടർ ചാർജ് അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പഞ്ചായത്ത് പരിധിയിൽ ഇല്ലാത്ത തെരുവുവിളക്കുകൾക്ക് വൈദ്യുതിചാർജ് അടവാക്കുന്നു

കെ.എസ്.ഇ.ബി അധികൃതർ 2018 ഫെബ്രുവരി മാസത്തിൽ നടത്തിയ ഫീൽഡ് വെരിഫിക്കേഷൻ പ്രകാരം പഞ്ചായത്ത് പരിധിയിൽ താഴെ സൂചിപ്പിക്കുന്ന വിധം തെരുവുവിളക്കുകൾ നിലവിലുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് |
|---|---|---|
| ഓർഡിനറി ബൾബ് 60 W | 1 | 102 |
| ഫ്ലൂറസെന്റ് ട്യൂബ് 2*40 | 28 | 134 |
| മെർക്കുറി വേപ്പർ ലാമ്പ് 1*250 | 9 | 447 |
| സോഡിയം വേപ്പർ ലാമ്പ് 1*250 | 20 | 447 |
| സി.എഫ്.എൽ 1*36 | 2288 | 53 |
| എൽ.ഇ.ഡി 1*24 | 579 | 20 |

മേൽ സൂചിപ്പിച്ച ലാമ്പുകൾക്ക് 1-3-2018 മുതൽ പ്രതിമാസം 149661/-രൂപ വൈദ്യുതി ചാർജിനത്തിൽ അടവാക്കി വരുന്നു.പഞ്ചായത്ത് പരിധിയിൽ 15 വാട്ട് സി.എഫ്.എൽ ബൾബുകളാണ് ഉപയോഗിച്ചുവരുന്നതെന്നും 36 വാട്ട് ബൾബുകൾ ഉപയോഗിക്കുന്നില്ലെന്നും മെർക്കുറി ബൾബുകൾ നിലവിൽ ഇല്ലെന്നും 19-3-2018തിയതിയിലെ ഭരണസമിതിയോഗത്തിൽ ചർച്ച ചെയ്തതായി കാണുന്നു.രജിസ്റ്റർ പരിശോധനയിൽ 2015-16,2016-17,2017-18 വർഷങ്ങളിലായി ആകെ 4937സി.എഫ്.എൽ ബൾബുകൾ,3023എൽ.ഇ.ഡി ബൾബുകൾ എന്നിവ മാത്രമാണ് വാങ്ങിയിട്ടുള്ളത്. സംയുക്തപരിശോധന നടത്തി 1-3-2018 മുതൽ അധികംഅടവാക്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വിവിധവാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി
പ്രോജക്ട് നമ്പർ-288/18
അടങ്കൽ തുക-3434400രൂപ
വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് കേരളവാട്ടർ അതോറിറ്റിയിൽ NEFT മുഖേന 3434400 രൂപ ഡെപ്പോസിറ്റ് ചെയ്തു. (ട്രഷറി ബിൽ നം.12/17-18തിയതി 31-10-17)പ്രോജക്ട് നടത്തിപ്പുമായി കണ്ടെത്തിയ അപാകതകൾ താഴെച്ചേർക്കുന്നു.
1.പഞ്ചായത്ത് 31-10-2017തിയതിയിൽ തുക ട്രാൻസ്ഫർ ചെയ്തുവെങ്കിലും കേരള വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ചത് 29-5-2018 തിയതിയാണ്.
2.എഗ്രിമെൻറ് പ്രകാരം കൈമാറിയ തുക 1334400 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
3. എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത പ്രവൃത്തി 22-1-2018 തിയതിയിൽ ആരംഭിച്ച് 30-6-2018 തിയതിയിൽ പൂർത്തീകരിക്കേണ്ടതാണ്.കൂടാതെ പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പൂർത്തീകരണസാക്ഷ്യപത്രവും നൽകേണ്ടതാണ്.എന്നാൽ 1992558 രൂപയുടെ വിനിയോഗസാക്ഷ്യപത്രം നൽകുകയും ബാലൻസ് തുക1341842 രൂപ തിരികെ നൽകുകയുമാണ് ചെയ്തത്. യഥാർത്ഥത്തിൽ ബാലൻസ് തുക 1441842 രൂപയാണ് തിരികെ ലഭിക്കേണ്ടത്. പൂർത്തീകരണസാക്ഷ്യപത്രം,ഫൈനൽ ബില്ലിന്റെ പകർപ്പ് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 100000 രൂപ കേരളവാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ ബത്ത നൽകൽ | 100000 | |
| | | 458422 | ഗാലസ നെൽകൃഷി വികസനപദ്ധതി | 458422 | |
| | | 476578 | ഗാലസനെൽകൃഷി വികസനപദ്ധതി | 476578 | |
| | | 145000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 145000 | |
| ജില്ലാ പഞ്ചായത്ത് | 2016/17 | 2352500 | | 2352500 | |
| | | 316680 | ഗാലസനെൽകൃഷി വികസനപദ്ധതി | 316680 | |

| | | | | | |
|---|---|---|---|---|---|
| | 2017/18 | 469925 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ ബത്ത നൽകൽ | 469925 | |
| | | 150000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 150000 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പുളിയാനിക്കുന്ന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും, പൊതുടാപ്പ് സ്ഥാപിക്കലും | | 90000 | - | 90000 |
| | വിവിധ വാർഡുകളിലെ കുടിവെള്ളപൈപ്പ്ലൈൻ എക്സ്റ്റൻഷൻ | | 3434400 | 3334400 | 100000 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | 16670 | 16670 | |
| | കംഫർട്ട് സ്റ്റേഷൻ പോസ്റ്റ് സ്ഥാപിക്കൽ | | 23694 | 23694 | |
| | അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് | | 10982 | 10982 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10400796 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 |
| 3 | ആകെ | 10400796 |

| | | |
|---|---|---|
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10400796 |

കുറിപ്പ്:-വാർഷിക കണക്കുകൾ പ്രകാരം മുന്നിരിപ്പ് 10459748 രൂപയാണ്.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2015-16 | 02-03 | 430 | ബിജു കൊച്ചപ്പൻ നടുവിൽപീടിക | 117010108336, 27/02/2018 |
| 2015-16 | 02-03 | 360 | അന്തോണി ,ബാബു ഇല്ലിക്കൽ | 117010108318, 27/02/2018 |
| 2015-16 | 02-03 | 311 | സാജൻ വർഗ്ഗീസ് കാട്ടിത്തറ | 117010108338, 27/02/2018 |
| 2015-16 | 02-03 | 328 | ധർമ്മപാലൻ കാമ്പുഴ | 117010108348 27/02/2018 |
| 2015-16 | 02-03 | 361 | വേലായുധൻ നായർ പരമ്പത്ത് | 1170108350 ,27/02/2018 |
| 2015-16 | 02-03 | 358 | മനോജ് ജോണികുത്തോട്ടുങ്ങൽ കറമ്പൻ | 117010108349, 27/02/2018 |
| 2015-16 | 02-03 | 384 | മത്തായി പുല്ലൻ താണിക്കൽ | 117010108347, 27/02/2018 |
| 2015-16 | 02-03 | 365 | ശശി രാമകൃഷ്ണൻഎരുമക്കാടൻ | 117010108341,27/02/2018 |
| 2015-16 | 02-03 | 377 | അഭിലാഷ് രാമകൃഷ്ണൻകടവിൽ | 117010108346, 27/02/2018 |
| 2015-16 | 02-03 | 326 | അജിത ഉണ്ണികൃഷ്ണൻപ്ളാശ്ശേ രി | 117010108339, 27/02/2018 |
| 2015-16 | 02-03 | 317 | അനിൽകുമാർ മാളിയേക്കൽ | 117010108340, 27/02/2018 |
| 2015-16 | 02-03 | 360 | ബാബു,ഇല്ലിക്കൽ വീട് | 117010108318, 27/02/2018 |
| 2015-16 | 02-03 | 317 | മുഹമ്മദ് മൊയ്തീൻ , കൊഴിഞ്ഞാംപാറ | 1170101003480, 21/04/2017 |
| 2015-16 | 02-03 | 338 | ഷിബു കൈതാരൻ വീട് | 117010108337, 27/02/2018 |
| 2015-16 | 02-03 | 311 | സാജൻ വർഗ്ഗീസ്, കൈതാരത്ത് | 117010108338, 27/02/2018 |
| 2015-16 | 02-03 | 317 | അനിൽകുമാർ ,മാലതി , മാളിയേക്കൽ വീട് | 117010108340 27/02/2018 |
| 2015-16 | 02-03 | 365 | ശശി എരുമക്കാടൻ | 117010108341, 27/02/2018 |

| | | | | |
|---|---|---|---|---|
| 2015-16 | 02-03 | 435 | വർഗ്ഗീസ്, പനയ്ക്കാമിറ്റം | 117010106403, 23/12/2017 |
| 2015-16 | 02-03 | 322 | റസിയ , പുല്ലിയിൽ | 117010107278, 19/01/2018 |
| 2015-16 | 02-03 | 328 | ധർമ്മപാലൻ, കാമ്പുഴ | 117010108348,27/02/2018 |
| 2015-16 | 02-03 | 358 | മനോജ്കുത്തോട്ടുങ്ങൽ | 117010108349, 27/02/2018 |
| 2015-16 | 02-03 | 343 | ബൈജു ,സജിത പള്ളത്താടൻ | 117010106842, 04.01.2018 |
| 2015-16 | 02-03 | 339 | സതീഷ്കുമാർ കൊട്ടാരത്ത് | 117010107143, 15/01/2018 |
| 2015-16 | 02-03 | 368 | എൽസി തോക്കടം | 117010106410, 23/12/2017 |
| 2015-16 | 02-03 | 375 | കാപ്പാനി ജോൺസൻ | 117010106865, 04/01/2018 |
| 2015-16 | 02-03 | 371 | രമണി പുല്ലരിക്ക | 117010104088 04/11/2017 |
| | | 9164 | | |

കുറിപ്പ്:- ഓഡിറ്റ് റിക്കവറി ഇനത്തിൽ പിരിച്ചെടുത്ത 9164/-രൂപ R&P സ്റ്റേറ്റ്മെന്റിൽ കാണുന്നില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമാക്കിയിട്ടില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ലഭ്യമാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91798501 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108676424 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3346958 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡികനമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 3-1 | 208910 | ശ്രീമതി.ലില്ലി.എൻ.ഒ,സെക്രട്ടറി |
| 3-3 | 1250000 | ഡോ. ദേവി.എസ്,വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 3-5 | 1399334 | ശ്രീമതി.നാൻസി ലിസ തോമസ്,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | 488714 | ശ്രീമതി.ശാലിനി.വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

(സി) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87,87-88 | കെ.എസ്.എ.ടി.എസ്.ആർ-പി-6-605/15/02-12-2015 |
| 1988-89,89-90 | |
| 1990-91 | |
| 1991-92 | |
| 1992-93 | |
| 1993-94 | |
| 1994-95 | കെ.എസ്.എ.ടി.എസ്.ആർ-പി-6-269/116/23-02-2016 |
| 1995-96 | |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-01 | എൽ.എഫ്.ടി-9-1673/03/03-03-2003 |

| | |
|---|---|
| 2001-02 | എൽ.എഫ്.ടി-9-1406/03/19-12-03/04-03-04 |
| 2002-03 | എൽ.എഫ്.ടി-9-650/06/11-08-06/1-12-2006 |
| 2003-04 | എൽ.എഫ്.ടി-9-2550/08/26-12-09 |
| 2004-05 | എൽ.എഫ്.ടി-9-2551/08/206-12-2009 |
| 2005-06 | എൽ.എഫ്.ടി-9-2558/08/26-12-2009 |
| 2006-07 | എൽ.എഫ്.ടി-9-587/10/03-02-20114 |
| 2007-08 മുതൽ 2010—11 വരെ | എൽ.എഫ്.ടി.പി-2-1872/12/53-3-13/15-07-13 |
| 2011-12 | എൽ.എഫ്.ടി.പി-2-231/13/18-14-13/14-08-13 |
| 2012-13 | എൽ.എഫ്.ടി.പി-6-12/14/7-6-14/11.09-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-പി-6-49/15/11-05-2015 /11-06-2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-പി.6-1110/16/11.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ-പി.6-2228/16/17-1-.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ-പി.6-1749/2017 തീ.29.11.2017/22.12.17 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## <u>അനുബന്ധം -1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ടി.എസ്.ആർ (പി6)586/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

തിയ്യതി:24.05.19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾപ്രകാരവും വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം -2

### ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ